# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 10.06.2013-ൽ മറുപടിക്ക്

ചോദ്യം നമ്പർ .144

## **തീരദേശമേഖലയിലെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമപദ്ധതികൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായും അവരുടെ തൊഴിൽ സുരക്ഷയ്ക്കായും നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കാമോ; | (എ) | ഫിഷറീസ് വകുപ്പ് വഴി നടപ്പിലാക്കുന്ന പ്രധാനപ്പെട്ട ക്ഷേമ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. NFWF സഹായത്തോടെയുള്ള ഭവന നിർമ്മാണ ധനസഹായ പദ്ധതി.<br>2. 13-ാം ധനകാര്യക്കമ്മീഷൻ അവാർഡ് ഉപയോഗിച്ചുള്ള മാതൃകാ മത്സ്യഗ്രാമ വികസന പദ്ധതി.<br>3. മത്സ്യത്തൊഴിലാളികൾക്ക് വ്യക്തിഗത ശൗചാലയങ്ങൾ നൽകുന്ന പദ്ധതി.<br>4. മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധത്തൊഴിലാളികൾക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി.<br>5. പഞ്ഞമാസ സമ്പാദ്യ സമാശ്വാസ പദ്ധതി.<br>6. തണൽ പദ്ധതി.<br>7. സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി.<br>8. പലിശരഹിത വായ്പ പദ്ധതി.<br>9. തീര മൈത്രി പദ്ധതി.<br>10. നാടൻ വള്ളങ്ങളുടെ ആധുനികവത്കരണം. |
| (ബി) | തൊഴിൽ വകുപ്പിന്റെ സഹായത്തോടെനടപ്പാക്കുന്ന തണൽ പദ്ധതിയുടെ വിശദവിവരം നൽകാമോ; | (ബി) | ഫിഷറീസ് വകുപ്പും തൊഴിൽ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന തണൽ പദ്ധതി പ്രകാരം കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കുമായി 31.76 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന വിവരശേഖരണം നടത്തി ബയോമെട്രിക് തിരിച്ചറിയൽ |

| | | | |
|---|---|---|---|
| | | | കാർഡിന് എൻറോൾ ചെയ്ത മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ ത്തൊഴിലാളികൾക്കും 1350 രൂപ നിരക്കിൽ ധനസഹായം ബാങ്ക് അക്കൗണ്ടിലൂടെ ലഭ്യമാക്കുന്നതാണ് പ്രസ്തുത പദ്ധതി. |
| (സി) | എത്ര മത്സ്യത്തൊഴിലാളികളെ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാക്കാൻ സാധിച്ചിട്ടുണ്ട് ; | (സി) | ഈ പദ്ധതി പ്രകാരം 2012-13 വർഷത്തിൽ 2,35,000 പേർക്ക് ധന സഹായം വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. നാളിതുവരെ 150696 പേരെ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാക്കാൻ സാധിച്ചിട്ടുണ്ട്. |
| (ഡി) | മത്സ്യത്തൊഴിലാളികൾ നേരിടുന്ന മണ്ണെണ്ണ ക്ഷാമത്തിന് പരിഹാരം കാണാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) | മത്സ്യ മേഖലയ്ക്കായി പ്രത്യേക ക്വാട്ട പി.ഡി.എസ്. നിരക്കിലോ, പ്രത്യേക സബ്സിഡി നിരക്കിലോ സംസ്ഥാന സർക്കാരിന് മണ്ണെണ്ണ അനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള നിവേദനം ബഹു. പ്രധാനമന്ത്രിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. മണ്ണെണ്ണ ക്ഷാമം പരിഹരിക്കുന്നതിനായി ഡീസൽ എഞ്ചിനുകളുടെ പ്രചാരണവും വിതരണവും മത്സ്യഫെഡ് വഴി നടത്തി വരുന്നു. ഡീസൽ എഞ്ചിൻ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി പ്രാഥമികഘട്ടത്തിൽ എഞ്ചിന്റെ വിലയുടെ 50% സബ്സിഡിയായി നൽകികൊണ്ട് ടി പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ